**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2423** **13-09-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് റേഷൻ കാർഡ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്മാർട്ട് റേഷൻ കാർഡ് വിതരണം എത്ര ശതമാനം പൂർത്തിയായി; | (എ) | ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് റേഷൻ കാർഡ് സംവിധാനം സംസ്ഥാനത്ത് നിലവിലില്ല. എന്നാൽ 02.11.2021 മുതൽ പി.വി.സി രൂപത്തിലുള്ള റേഷൻ കാർഡ് സംവിധാനം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എല്ലാ കാർഡുടമകളും നിർബന്ധമായും പി.വി.സി രൂപത്തിലുള്ള റേഷൻ കാർഡ് എടുക്കണം എന്ന് നിബന്ധനയില്ല. ആവശ്യമുള്ള ഉണഭോക്താക്കൾക്ക് അംഗീകൃത അക്ഷയ കേന്ദ്രം വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയോ ടി റേഷൻ കാർഡ് പി.ഡി.എഫ് ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്ത് എ.ടി.എം കാർഡിന്റെ വലിപ്പത്തിൽ പി.വി.സി മെറ്റീരിയലിൽ പ്രിന്റെടുത്ത് ഉപയോഗിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. നിലവിൽ 28,91,559 കാർഡുടമകൾ ഈ സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | 2022-23 വർഷത്തിൽ എത്ര ലക്ഷം പേർക്കാണ് ഓണക്കിറ്റ് നൽകിയത്; എത്ര കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചു? | (ബി) | 2022 ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും, 14 ഇനം സാധനങ്ങൾ അടങ്ങിയ 85,69,583 സൗജന്യ ഓണക്കിറ്റുകൾ സപ്ലൈകോ മുഖേന റേഷൻ കടകൾ വഴി വിതരണം ചെയ്തിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും (4 അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന കണക്കിൽ) ഒരു റേഷൻ കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജെൻഡേഴ്സിനും ടി ഓണക്കിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനും കൂടി ആകെ 15,590 ഓണക്കിറ്റുകൾ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഓണക്കിറ്റ് ഒന്നിന് 447/- രൂപ നിരക്കിൽ ആകെ വിതരണം ചെയ്ത 85,85,173 ഓണക്കിറ്റുകൾക്ക് 3,837,572,331 രൂപ ചെലവായിട്ടുള്ളതായി കണക്കാക്കുന്നു. കൃത്യമായ കണക്ക് 2022 ആഡിറ്റ് പൂർത്തിയായ ശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ